<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3743</u> <u>02-03-2023 - ൽ മറുപടിയ്ക്ക്</u>

<u>ദേശീയ ഗെയിംസ് മെഡൽ ജേതാക്കൾക്കുള്ള ക്യാഷ് അവാർഡ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | 2015-ലെ ദേശീയ ഗെയിംസിൽ കേരളത്തിൽ നിന്നും പങ്കെടുത്ത മെഡൽ ജേതാക്കൾക്കും പരിശീലകർക്കും മാനേജർമാർക്കും സംസ്ഥാന സർക്കാർ നൽകിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | **2015ലെ ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് സ്വർണ്ണം , വെള്ളി, വെങ്കല മെഡലുകൾ നേടിയ കായികതാരങ്ങൾക്ക് യഥാക്രമം 5 ലക്ഷം, 3 ലക്ഷം, 2 ലക്ഷം രൂപ വീതം അനുവദിച്ചിരുന്നു. പരിശീലകർക്കും മാനേജർമാർക്കും, ഷെഫ് ഡി മിഷൻ, ഡെപ്യൂട്ടി ഷെഫ് ഡി മിഷൻ എന്നിവർക്കുമായി 82.65 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.** |
| (ബി) | 2022-ൽ ഗുജറാത്തിൽ നടന്ന ദേശീയ ഗെയിംസിൽ കേരളത്തിൽ നിന്നും പങ്കെടുത്ത മെഡൽ ജേതാക്കൾക്കും പരിശീലകർക്കും മാനേജർമാർക്കും എത്ര രൂപ പ്രോത്സാഹനമായി നൽകിയെന്ന് വ്യക്തമാക്കുമോ; | (ബി) | **2022 ഗുജറാത്തിൽ വച്ച് നടന്ന 36-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയ കായികതാരങ്ങൾക്ക് വ്യക്തിഗതയിനത്തിൽ യഥാക്രമം 5ലക്ഷം, 3 ലക്ഷം 2 ലക്ഷം രൂപ വീതവും ടീമിനത്തിൽ യഥാക്രമം 2ലക്ഷം, 1.5 ലക്ഷം, 1 ലക്ഷം രൂപ വീതവും അനുവദിച്ചിരുന്നു.** |
| (സി) | ഇവർക്ക് ക്യാഷ് അവാർഡ് നൽകിയില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ? | (സി) | **2022ൽ ഗുജറാത്തിൽ വച്ച് നടന്ന 36-ാമത് ദേശീയ ഗെയിംസിൽ മെഡൽ നേടിയ മൂന്ന് ടീമുകളുടെ പട്ടികയിൽ സ്പഷ്ടീകരണം ആവശ്യമായതിനാലും, അക്കൗണ്ട് വിവരം ലഭ്യമല്ലാത്തതിനാലും തുക അനുവദിച്ചിട്ടില്ല. മറ്റുള്ളവർക്ക് തുക നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ